LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ആശുപത്രികളിലെ ജനറേറ്റർ സംവിധാനം

27 (*177) ശ്രീ. എം. മുരളി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശസ്ത്രക്രിയകൾ നടത്തുന്നതും ഇന്റൻസീവ് കെയർ യൂണിറ്റ് പ്രവർത്തിക്കുന്നതുമായ ഗവൺമെന്റ് ആശുപത്രികളിൽ ജനറേറ്ററുകൾ നൽകിയിട്ടുണ്ടോ ;

(ബി) ജനറേറ്ററുകൾ ഇല്ലാത്ത ഗവൺമെന്റ് ആശുപത്രികളിൽ ഈ സൗകര്യങ്ങൾ വൈദ്യുതി കട്ട് ഉള്ള സമയങ്ങളിൽ ഫലപ്രദമായി വിനിയോഗിക്കുന്നത് എപ്രകാരമെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം ഗവൺമെന്റ് ആശുപത്രികളിൽ ജനറേറ്ററുകൾ നൽകുവാൻ അടിയന്തര നടപടിയെടുക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) വൈദ്യുതി കട്ട് ഉള്ള സമയങ്ങളിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

(സി) ആവശ്യകതയുടെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ചു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി

28 (*178) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുവരെയായി സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ബി) സംവരണകാറ്റഗറിയിൽ അർഹമായ പ്രാധിനിധ്യം ലഭിച്ചിട്ടില്ലാത്ത പിന്നോക്ക വിഭാഗങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പിന്നോക്ക വിഭാഗങ്ങൾക്ക് പ്രാതിനിധ്യം ഉറപ്പുവരുത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ എപ്പോൾ നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) 9-11-2001-ൽ ആണ് ജസ്റ്റീസ് ശ്രീ. കെ. കെ. നരേന്ദ്രൻ അദ്ധ്യക്ഷനായിട്ടുള്ള മൂന്നംഗ കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചത്. റിപ്പോർട്ട് വിശദമായി പരിശോധിച്ചശേഷം ശുപാർശകളെ സംബന്ധിച്ച് സഭയിൽ ചർച്ചയ്ക്കായി സമർപ്പിക്കുവാൻ 3-4-2002-ൽ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു. 12-6-2002-ൽ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(ബി) 1-8-2000-ൽ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ ജാതി തിരിച്ചുള്ള കണക്ക് ശേഖരിച്ച് ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് കണക്കാക്കിയിട്ടുണ്ട്. അത് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി & ഡി) നിയമസഭയുടെ ചർച്ചയുടേയും രാഷ്ട്രീയ പാർട്ടികളുമായുള്ള ചർച്ചയുടേയും വെളിച്ചത്തിൽ ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

ആരോഗ്യ മേഖലയിൽ ലോകബാങ്കിന്റെ ധനസഹായം

29 (*179) ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെ ആരോഗ്യമേഖലയിൽ ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ലോകബാങ്ക് പദ്ധതി എന്നു മുതൽക്കാണ് സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയുടെ രൂപരേഖ വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കൺസൽട്ടൻസിയെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം വ്യക്തമാക്കുമോ ;

(ഇ) പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് ഇതു സംബന്ധിച്ച് ആവശ്യമായ ചർച്ചകൾ നടത്തുവാൻ തയ്യാറാവുമോ ;

(എഫ്) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ലോകബാങ്കിൽ നിന്നും വായ്പ എടുക്കുന്നതെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly